ഹാന്റ്ക്സിന്റെ പ്രവർത്തനങ്ങൾ

34 (4194) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാന്റ്ക്സിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; സ്ഥാപനത്തിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ ;

(ബി) ഹാന്റ്ക്സിൽ മനുഷ്യാവകാശ കമ്മീഷൻ അംഗം സന്ദർശനം നടത്തിയിട്ടുണ്ടോ ; സന്ദർശന തീയതിയും ഉദ്ദേശ ലക്ഷ്യങ്ങളും വ്യക്തമാക്കുമോ ;

(സി) കമ്മീഷൻ അംഗ സമർപ്പിച്ച സന്ദർശന റിപ്പോർട്ടിന്റെയും ശുപാർശയുടേയും പൂർണ്ണരൂപം അറിയിക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ നടന്നുവരുന്ന അറ്റകുറ്റപ്പണികളും ഡിപ്പോ നവീകരണവും, ചട്ടങ്ങൾ പ്രകാരമാണോ എന്ന് വ്യക്തമാക്കുമോ ; ഈ ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തി തുക അനുവദിക്കുന്നത് ഏത് ഉദ്യോഗസ്ഥനാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നിർമ്മാണ ജോലികളിലെ അപാകതകൾ വിശദമായ പരിശോധനയ്ക്കു വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഹാന്റ്ക്സിൽ കൈത്തറി സാരി എന്ന വ്യാജേന പവർലൂം സാരികൾ ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഈ വർഷം ശേഖരിച്ച കൈത്തറി പവർലൂം സാരികൾ എത്രയെന്നും, ഇതിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്നും ഹാന്റ്ക്സിലെ ടെക്നിക്കൽ വിഭാഗം അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആഗോളവൽക്കരണത്തിന്റെ സ്വകാര്യ വൽക്കരണത്തിന്റെയും ഫലമായി വസ്ത്ര വിപണിയിലുള്ള മത്സരവും, ഇതര സംസ്ഥാനങ്ങളിൽ തൈക്കറിയുടെ ലേബലിൽ ഉൽപാദിപ്പിക്കപ്പെടുന്ന വില കുറഞ്ഞ ഉല്പന്നങ്ങളുടെ സംസ്ഥാന വിപണന മേഖലയിലെ കടന്നാക്രമണവും സാമ്പത്തിക സഹായങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഹാന്റ്ക്സിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജൗളി സംഭരണം നടത്തിയ ഇനത്തിൽ അംഗങ്ങൾക്ക് 19.97 കോടി രൂപയും (35-3-2003) വരെ ബാങ്ക് വായ്പ ഇനത്തിൽ 15.52 കോടി രൂപയും അടച്ചുതീർക്കുവാനുള്ള 32 കോടി രൂപയോളം വില വരുന്ന സ്റ്റോക്ക് കെട്ടികിടക്കുകയും ചെയ്യുന്നു.

(ബി) ഹാന്റ്ക്സിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന നെയ്ത്തുശാലയിൽ മനുഷ്യാവകാശ കമ്മീഷൻ 16-1-2003-ൽ സന്ദർശനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടി നെയ്ത്തുശാലയിലെ ഒരു തൊഴിലാളി സംഘടന സ്ത്രീകളായ തൊഴിലാളികൾക്ക് ഫാക്ടറിയിൽ ഏർപ്പെടുത്തി കൊടുക്കേണ്ട പ്രത്യേക സൗകര്യങ്ങൾ ഫാക്ടറി കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ, കാടുപിടിച്ചു കിടക്കുന്ന പരിസരങ്ങൾ എന്നിവ സംബന്ധിച്ച് കമ്മീഷന് രേഖാമൂലം നല്കിയ പരാതിയെ കുറിച്ച് നേരിട്ട് പരിശോധിക്കുന്നതിനാണ് കമ്മീഷൻ സന്ദർശനം നടത്തിയത്.

(സി) കമ്മീഷൻ, ഫാക്ടറികെട്ടിടവും, പരിസരവും വൃത്തിയാക്കുന്നതിനും, തൊഴിലാളികളുടെ പ്രാധമികാവശ്യങ്ങൾക്കുവേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ട ക്രമീകരണങ്ങൾ ഒരു മാസത്തിനകം പൂർത്തീകരിക്കുവാൻ മാനേജിംഗ് ഡയറക്ടറോട് നേരിട്ട് നിർദ്ദേശിക്കുകയാണുണ്ടായത്. കമ്മീഷൻ നിർദ്ദേശിച്ച ജോലികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്.

(ഡി) ഹാന്റക്സിൽ നടന്നുവരുന്ന അറ്റകുറ്റപണികളും ഡിപ്പോ നവീകരണവും ചട്ടങ്ങൽ പ്രകാരമാണ് നടത്തിയിട്ടുള്ളത്. എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ജീവനക്കാരും മാനേജ്മെന്റ് പ്രതിനിധികളും ഉൾപ്പെടുന്ന 'മെയിന്റനൻസ് കമ്മിറ്റി" അംഗീകരിച്ചതിനുശേഷം എൻജിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച പണി മെയിന്റനൻസ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകിയശേഷം നടപടിക്രമങ്ങൾ പാലിച്ച് മാനേജിംഗ് ഡയറക്ടർ തുക അനുവദിക്കുകയാണു പതിവ്.

(ഇ) നിർമ്മാണ ജോലികൾ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇല്ല.

(ജി) ഹാന്റക്സിൽ അംഗത്വം നേടിയിട്ടുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കൈത്തറി സാരികളാണ് സാരികളുടെ ഇനത്തിൽ സംഭരണം നടത്തുന്നത്. ഈ വർഷം നാളിതുവരെ കൈത്തറി സാരികൾ സംഭരണം നടത്തിയിട്ടുണ്ട്. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ടേൺ ഓഫ് എക്സ്പോർട്ട് എക്സലൻസ് പദ്ധതി

35 (4195) ശ്രീ. കെ. അച്ചുതൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തുണിയുടെ കയറ്റുമതികാര്യത്തിൽ 'ടൗൺ ഓഫ് എക്സ്പോർട്ട് എക്സലൻസ്' പദവി സംസ്ഥാനത്ത് ഏതെങ്കിലും നഗത്തിന് കിട്ടിയിട്ടുണ്ടോ ;

(ബി) കണ്ണൂർ, ചേന്ദമംഗലം, ബാലരാമപുരം, പാലക്കാട് മുതലായ കൈത്തറി ഉല്പാദക കേന്ദ്രങ്ങളെ ഈ പദവിക്ക് അർഹമാക്കിത്തീർക്കത്തക്ക വിധത്തിൽ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള പദ്ധതിക്ക് രൂപം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly